LIBRARY ARCHIVES Kerala Legislative Assembly

വനാതിർത്തിയിലെ മനുഷ്യ വന്യമൃഗ സംഘർഷം

181(5770) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനാതിർത്തിയിൽ മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് വനം വകുപ്പോ, കെ.എഫ്.ആർ.ഐ.-യോ ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടവർ ആരൊക്കെയാണെന്നും ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് വയനാട്ടിലും പേപ്പാറയിലും കെ.എഫ്.ആർ.ഐ. നടത്തിയ പഠന റിപ്പോർട്ടുകൾ ഉള്ളടക്കം ചെയ്യുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണംമൂലം (പാമ്പ് കടി മൂലമുള്ള മരണം ഉൾപ്പെടെ) മരണപ്പെട്ടവരുടെ വിവരം (സർക്കിൾ തിരിച്ച്) അനുബന്ധമായി ചേർക്കുന്നു.*

മരം മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ

182(5771) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ അശമന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തെ മരം മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നുണ്ടോ ;

(ബി) പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുടെ പരിഗണനയിലുള്ള 16-6-2015-ാം തീയതിലെ 214/2015/B1 നമ്പർ ഫയൽ പ്രകാരമുള്ള നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ആവശ്യം അംഗീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2141/ബി1/2015/പരി. നമ്പർ ഫയലിൽ നടപടി പൂർത്തിയാക്കി പരിസ്ഥിതി വകുപ്പിന്റെ അനുമതി സഹിതം ഫയൽ തദ്ദേശ സ്വയംഭരണ (ആർ. സി.) വകുപ്പിന് കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.